13611
20/6/17

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബംങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നം:202/17/റവ. തിരുവനന്തപുരം, തീയതി, 16/06/2017

---

പരാമർശം:- ആലപ്പുഴ ജില്ലാ കളക്ടറുടെ 26.04.2017-ലെ എൻ 1-9595/15 നമ്പർ കത്ത്.

ഉത്തരവ്

16.11.2016-ൽ ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപ്പാലത്തിൽ വച്ചുണ്ടായ വാൻ അപകടത്തിൽ മരണമടഞ്ഞ 5 പേരുടെ കുടുംബംങ്ങൾക്ക് (1.നിജാസ് അലി, കുമ്മല ഹൗസ്, വട്ടുവത്ത് നഗർ പി.ഒ., അരൂക്കുറ്റി വില്ലേജ്, ആലപ്പുഴ, 2. ഘൻശ്യാം പുൽമഗർ, സർഗ്ഗധാര ബെൻ-2, ധൃതണ ബാങ്ക് പി.ഒ., പ്യൂട്ടാൻ ജില്ല, നേപ്പാൾ, 3. ഹിംലാൽഖർത്തി മഗർ, സ്വർഗ്ഗധാരി-9, ഖാല, പ്യൂട്ടാൻ, നേപ്പാൾ. 4. മധുഖത്രി, ഗുൽഗാവ് റോൾപ്പ ഡിസ്ട്രിക്ട്, ഖുക്രി പി.ഒ., നേപ്പാൾ, 5. ഗമൻബഹദൂർ ഖത്രി മഗർ, സ്വർഗ്ഗധാര-9, പ്യൂട്ടാൻ ജില്ല, നേപ്പാൾ) 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** 2075 00 800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **ആലപ്പുഴ ജില്ലാ കളക്ടർക്ക്** അനുവദിക്കേണ്ടതും കളക്ടർ ടി തുക അടിയന്തിരമായി നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

**ജില്ലാ കളക്ടർ, ആലപ്പുഴ**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി).
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.ക്ക്
ധനകാര്യ(ഫണ്ട്സ്) വകുപ്പ്/റവന്യൂ(ഡി.ആർ.എഫ്.-ബി), (ഡി.ആർ.എഫ്-സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് പൊതുഭരണ(എസ്.സി.) വകുപ്പ് (1/06/2017 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 117 പ്രകാരം).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## 27) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 14-06-2017

ഫയൽ നം.49196/ഡിആർഎഫ്-എ2/2016/റവന്യൂ ഇനം നം: 1117

വിഷയം : റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

15/6/17
SS (CMDRF)

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 49196/ഡിആർഎഫ് എ2/2016/റവന്യൂ |
| 2 | വകുപ്പ് | : റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3 | വിഷയം | ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 05/05/2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ.സന്തോഷ് കുമാർ.ടി.കെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : പി.എച്ച്.കുര്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 03.06.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 13.06.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ഇ.ചന്ദ്രശേഖരൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 06.06.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 13.06.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും. | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 16.11.2016-ൽ ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ വാൻ അപകടത്തിൽ 5 പേർ മരണപ്പെട്ടു. ഇവർ സഞ്ചരിച്ചിരുന്ന വാൻ വേമ്പനാട് കായലിലേയ്ക്ക് മറിഞ്ഞാണ് അപകടമുണ്ടായത്. നാല് നേപ്പാൾ സ്വദേശികളും ഒരു മലയാളിയുമാണ് മരിച്ചത്. ഇടപ്പള്ളിയിലെ ചിത്ര ഡെക്കറേഷൻ എന്ന സ്വകാര്യ സ്ഥാപനത്തിലെ തൊഴിലാളികളാണിവർ. മരണപ്പെട്ടവരുടെ കുടുംബങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിന് അർഹതയുള്ളവരാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

3) ബഹു. മുഖ്യമന്ത്രി ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവായിട്ടുണ്ട്.

### തീരുമാനിക്കേണ്ട വിഷയം

16.11.2016-ൽ ആലപ്പുഴ ജില്ലയിലെ അരൂർ കുമ്പളം മേൽപാലത്തിൽ വച്ചുണ്ടായ വാൻ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക അനുവദിക്കാം?